അടിസ്ഥാനത്തിൽ ഞാൻ തന്നെ ഇത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി മാറ്റി. അവിടെ 5 മുതൽ 10 വരെ കിടക്കകൾ ഇടാനുള്ള പ്രൊവിഷനുണ്ട്; അതിനുള്ള സ്റ്റാഫും ഉണ്ടാകും. അത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി മാറ്റുകയും ഈ കെട്ടിടം പണിചെയ്യാനുള്ള സാംഗ്ഷൻ കൊടുക്കുകയും ചെയ്യാം.

V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 28-മത് റിപ്പോർട്ട്

ശ്രീ. പി. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 28-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

(1) 1986-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ഭേദഗതിബിൽ

ശ്രീ. ടി. എസ്. ജോൺ : Sir, I move that the Kerala Private Forests (Vesting and Assignment) Amendment Bill, 1986 be referred to the appropriate Subject Committee.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഒ. ഭരതൻ]

സർ, 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്ട് അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഒരു ലക്ഷത്തിൽപ്പരം ഹെക്ടർ സ്വകാര്യ വനങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന ഒരവസ്ഥയിൽ ഫോറസ്റ്റ് ട്രിബ്യൂണലുകളിലേയും ഹൈക്കോടതികളിലേയും കേസുകളിലെ വിധിപ്രകാരം എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം അതായത് ഇരുപത്തിരണ്ടായിരത്തോളം ഏക്കർ സ്ഥലം അപേക്ഷകരായ പ്രൈവറ്റ് ഉടമകൾക്ക് തിരിച്ചുകൊടുക്കേണ്ടതായ ഒരു സ്ഥിതി വിശേഷമുണ്ടായി. അതിൽനിന്ന് ഈ രാജ്യത്തെ രക്ഷിക്കാൻവേണ്ടി അതായത് എണ്ണായിരത്തിൽപ്പരം ഹെക്ടർ കൈവശ ഭൂമി നിലനിറുത്താൻവേണ്ടി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഒരു അമൻറുമെൻറ് ബില്ലാണ് കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ബിൽ, 1986. എന്തുകൊണ്ടാണ് എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം തിരിച്ചുകൊടുക്കേണ്ടതായിട്ട് വന്നതെന്നുള്ളത് ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഫോറസ്റ്റ് ട്രിബ്യൂണലുകളിൽ കേസ് നടത്തിയതിന്റെ അപാകതമൂലവും അതുപോലെതന്നെ ഹൈക്കോടതിയിൽ സമയത്ത് പെറ്റീഷൻ കൊടുക്കാതിരുന്നതുമൂലവും കൊടുത്ത പെറ്റീഷനുകളിൽ സമയത്ത് ട്രിബ്യൂണലുകളിൽനിന്ന് ഓർഡറുകൾ വാങ്ങി കൊടുക്കാതിരുന്നതിന്റെ ഫലമായാണ് ഏതാണ്ട് എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം ഇന്ന് തിരിച്ചുപിടിക്കേണ്ടതായിവന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ ബില്ലുകളെക്കുറിച്ച് ഒരു കാര്യം ഞാൻ പറയുകയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലുകളെല്ലാംതന്നെ ഓർഡിനൻസ് റീപ്ലേയ്സ് ചെയ്യാനുള്ള ബില്ലുകളാണ്. അതിന് സമയവും നിശ്ചയിച്ച് ഇത് പാസ്സാക്കിയെടുക്കേണ്ട ആവശ്യം ഗവണ്മെന്റിനുണ്ട്. പാസ്സാക്കേണ്ട ചർച്ചയിൽ പങ്കെടുക്കേണ്ടതും പ്രതിരോധിക്കേണ്ടതും

LIBRARY ARCHIVES Kerala Legislative Assembly

പക്ഷക്കാരാണ്. അതിന് സന്ദർഭം ഉണ്ടാക്കിക്കൊടുക്കുന്നതിനുപകരം മാരത്തോൺ പ്രസംഗം ഓരോരുത്തരും നടത്തിയാൽ പ്രതിപക്ഷത്തിന് ന്യായമായി കിട്ടേണ്ട സമയം ഇല്ലാതാകുമെന്നുള്ള കാര്യം പ്രത്യേകം ശദ്ധിക്കണം.

ശ്രീ. ടി. എസ്. ജോൺ : സർ, ഏത് ബില്ലിലും മാരത്തോൺ പ്രസംഗം നടത്തിയിട്ടുള്ളത് ശ്രീ. വർക്കല രാധാകൃഷ്ണനാണ്. ഇന്നലെ രണ്ടുപേർ ഇവിടെനിന്ന് രണ്ട് മണിക്കൂർ സംസാരിച്ചതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ ബില്ലിൻമേൽ രണ്ടുപേർ അനാവശ്യമായ പ്രസംഗങ്ങൾ നടത്തിയെന്നാണ് എന്റെ അഭിപ്രായം. 1978 മുതൽ 1982 വരെയുള്ള കാലഘട്ടത്തിൽ ട്രിബ്യൂണലുകളും ഹൈക്കോടതികളും കേസ്സുകൾ തള്ളിയതിന്റെ ഫലമായി എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെടാനുള്ള സാഹചര്യം ഉണ്ടായി. 1980 മുതൽ 1982 വരെ ട്രിബ്യൂണലുകൾ വിധിച്ചതിന്റെയും ഹൈക്കോടതിയിൽ സമയത്ത് കേസ് കൊടുക്കാതിരുന്നതിന്റെയും ഹൈക്കോടതിയിൽ സമയത്ത് ട്രിബ്യൂണലുകളുടെ ഉത്തരവുകൾ കൊണ്ടുകൊടുക്കാതിരുന്നതിന്റെയും ഫലമായി എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം തിരിച്ചുകൊടുക്കേണ്ടതായ സ്ഥിതി വിശേഷം രാജ്യത്ത് ഉണ്ടായപ്പോൾ അത് മനസ്സിലാക്കിക്കൊണ്ട് 1982-ൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ചെയ്ത ഒരു തെറ്റ് എന്താണ്, ഈ ഒരു ഓർഡിനൻസ് ഉണ്ടാക്കിയെന്നുള്ളതാണോ ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, 1977-നുശേഷമുള്ള പട്ടയക്കാർക്ക് പട്ടയം കൊടുക്കണമെന്ന് അങ്ങും അങ്ങയുടെ പാർട്ടിയും വളരെ ശക്തിയായി വാദിക്കുന്നുണ്ട്. അങ്ങനെ പട്ടയം കിട്ടുന്നവർക്ക് ഈ ഓർഡിനൻസ് വന്നാൽ ദോഷം ചെയ്യുമെന്നുള്ളത് അങ്ങയുടെ ശദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ : ഒരു ദോഷവും ചെയ്യുകയില്ല. 1977-ന് ശേഷം കൈവശമുള്ള ആളുകൾക്ക് മുഴുവൻ പട്ടയം എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയവും പാർട്ടിയുടെ നയവും. കൈവശംവച്ച് അനുഭവിക്കുന്നവർക്ക് മുഴുവൻ പട്ടയം കൊടുക്കുകയും ചെയ്യും. അതിന് തടസ്സം എന്തെങ്കിലുമുണ്ടെങ്കിൽ ആ തടസ്സം മാറ്റിക്കൊടുക്കണമെന്നുള്ളതാണ് അഭിപ്രായം.

ശ്രീ. ടി. കെ. ഹംസ : സർ, 1980 മുതൽ 1982 വരെ എണ്ണായിരത്തോളം ഹെക്ടർ വനഭൂമി നഷ്ടപ്പെടുത്തിയെന്ന് പറഞ്ഞല്ലോ. 1980 മുതൽ 1982 വരെയുള്ള കാലയളവിൽ വനംവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി ആരാണെന്ന് അറിയാമോ ?

ശ്രീ. ടി. എസ്. ജോൺ : അങ്ങയുടെ ഇപ്പോഴത്തെ നേതാവായ നായനാരുടെ ഗവൺമെന്റായിരുന്നു അന്ന് ഉണ്ടായിരുന്നത്. എന്തായാലും 1980 മുതലുള്ള കണക്കുകൾ ഞാൻ നോക്കി. 1978 മുതൽ 1980 വരെ കുറച്ച് കേസ്സുകൾ ഉണ്ടായിട്ടുണ്ട്. 1980 മുതൽ 1982 വരെയുള്ള കാലഘട്ടത്തിൽ സമയത്ത് ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുക്കാത്തതുകൊണ്ടും ട്രിബ്യൂണലുകളുടെ ഓർഡറുകൾ കോടതിയിൽ ഹാജരാക്കാത്തതുകൊണ്ടും ട്രിബ്യൂണലുകളിൽ ശരിയായി വാദിക്കാത്തതുകൊണ്ടും യഥാർത്ഥത്തിൽ എണ്ണായിരം ഹെക്ടർ സ്ഥലം നഷ്ടപ്പെടാൻ പോകുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ രാജ്യ സ്നേഹമുള്ള വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. നൂറുദ്ദീൻ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് തടഞ്ഞുനിറുത്തി. അതിനാണോ രണ്ടുപേർ ഇവിടെ നിന്ന് അതിനെതിരായിട്ട് രണ്ട് മണിക്കൂർ പ്രസംഗിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : നമ്മുടെ രാജ്യത്തെ വനം കൈയേറ്റപ്പെടുത്തുകയും അത് ഒരു കച്ചവടമാക്കി വളർത്തുകയും അതിൽനിന്ന് സമ്പത്ത് ആർജ്ജിക്കുകയും ചെയ്യുന്ന ആളുകളെ ഒഴിപ്പിക്കുകയും യഥാർത്ഥ കൃഷിക്കാരനു് ഭൂമി കൊടുക്കുകയും ചെയ്യണമെന്ന് തീരുമാനിച്ചത് ഏത് ഗവൺമെൻറാണെന്ന് അറിയാമോ ?

ശ്രീ. ടി. എസ്. ജോൺ : അത് ആർക്കാണ് അറിയാൻ കഴിയാത്തത്. 1977-ലെ ഗവൺമെൻറ് അല്ലേ ? അന്ന് ശ്രീ. ഗോവിന്ദക്കുറുപ്പിന്റെ പാർട്ടി ഇല്ലായിരുന്നു. ശ്രീ. ബേബിജോൺ ഒക്കെ ഉണ്ടായിരുന്നു. യഥാർത്ഥ കൃഷിക്കാർക്ക് കൈവശഭൂമി കൊടുത്തത് 1971-ലെ ഗവൺമെൻറ് ആണ്. 1971-ലെ ഗവൺമെൻറിന്റെ കാലത്താണ് ഈ നിയമം കൊണ്ടുവന്നത്. ഒരു ലക്ഷത്തിൽപ്പരം ഹെക്ടർ സ്ഥലം സർക്കാരിന്റെ കൈവശഭൂമിയാക്കി മാറ്റി.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഈ ഓർഡിനൻസ് വന്നതിനുശേഷവും മുച്ചിക്കുണ്ടിൽ എം. വി. മാണിയും സീതിഹാജിയുംകൂടി അവിടെയുള്ള മരങ്ങളും മുഴുവനും വെട്ടിക്കൊണ്ടുപോയി ഇപ്പോഴും ആ പ്രദേശം അദ്ദേഹം കൈമാറി വേറെ ഒരാൾക്ക് വിറ്റതും അറിയാമോ ?

ശ്രീ. ടി. എസ്. ജോൺ : അതല്ലേ പറഞ്ഞത് 1970 മുതലും 1980 മുതൽ 1982 വരെയുള്ള കാലഘട്ടത്തിലും ആരാണ് അത് വെട്ടിയത് എന്നെനിക്ക് അറിഞ്ഞുകൂടാ. അന്ന് സീതിഹാജിയും അദ്ദേഹത്തിന്റെ പാർട്ടിയും പ്രതിപക്ഷത്ത് ആയിരുന്നു. ബഹുമാനപ്പെട്ട ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന 1980 മുതൽ 1982 വരെയുള്ള കാലഘട്ടത്തിൽ രാജ്യത്ത് വരുത്തിവച്ച നഷ്ടം നികത്തുന്നതിനുവേണ്ടി ഹൈക്കോടതിയിൽ കോർട്ടലക്ഷ്യത്തിന് കേസ്സു വന്നിട്ടുപോലും അതിനെ നേരിടാൻ തയ്യാറായ മന്ത്രിക്ക് എതിരായി ഇന്നലെ എഴുന്നേറ്റുനിന്ന് പ്രസംഗിക്കുന്നത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നിപ്പോയി. എനിക്കതിൽ ദുഃഖമുണ്ട്. അഴിമതിക്കാരെ എതിർത്താൽ അത് നമുക്ക് മനസ്സിലാകും. അഴിമതിയില്ലാത്തവർക്കെതിരെ ശബ്ദിക്കുന്നത് ശരിയല്ല. ഈ പ്രവണത അവസാനിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പനോടും ശ്രീ. ഇ. പത്മനാഭനോടും എനിക്ക് പറയാനുള്ളത്. വനനശീകരണത്തെക്കുറിച്ചാണ് പറഞ്ഞത്. വനനശീകരണത്തെക്കുറിച്ച് വാതോരാതെ രണ്ടുപേർ പ്രസംഗിച്ചു. ഈ ഗവൺമെൻറിന്റെ കാലത്ത് ഒരിഞ്ച് വനവും നശിപ്പിച്ചിട്ടില്ലെന്ന് കണക്കുകൾ സംസാരിക്കുന്നു. നശിപ്പിക്കുവാനുള്ള പ്രേരണയും നൽകിയിട്ടില്ല. മറിച്ച് മരം സംരക്ഷിക്കുക മാത്രമാണ് ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ ചെയ്തതെന്ന് കണക്കുകൾകൊണ്ട് മനസ്സിലാക്കാൻ കഴിയും. 1976-77 മുതൽ 1981-82 വരെയുള്ള കണക്ക് ഞാൻ പറയാം. 1976-77-ൽ 5,526 ഹെക്ടർ വനവും 1977-78-ൽ 7,251 ഹെക്ടർ വനവും 1978-79-ൽ 4,528 ഹെക്ടർ വനവും 1979-80-ൽ 3,748 ഹെക്ടർ വനവും 1980-81-ൽ 3,476 ഹെക്ടർ വനവും 1981-82-ൽ 2,589 ഹെക്ടർ വനവും നശിപ്പിച്ചു. അങ്ങനെ 1976 മുതൽ 1982 വരെയുള്ള കാലഘട്ടത്തിൽ മൊത്തം 27,138 ഹെക്ടർ വനം അതായത് അഞ്ചെട്ട് വർഷം കൊണ്ട് 27,138 ഹെക്ടർ വനം നശിപ്പിച്ചപ്പോൾ ഈ ഗവൺമെൻറിന്റെ 1982 മുതലുള്ള അഞ്ച് വർഷക്കാലംകൊണ്ട് നഷ്ടപ്പെട്ടിട്ടുള്ള വനത്തിന്റെ കണക്ക് ഞാൻ വായിക്കാം. പട്ടികവർഗ്ഗക്കാർക്കു പതിച്ചുകൊടുത്തവർക്ക് കൊടുത്തത് 36.42 ഹെക്ടർ സ്ഥലവും ഹരിജനങ്ങൾക്കുവേണ്ടി പതിച്ചുകൊടുത്തത് 10 ഹെക്ടർ സ്ഥലവും പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസിനുവേണ്ടി കൊടുത്തത് 1.39 ഹെക്ടർ സ്ഥലവും കെ. എസ്.

LIBRARY ARCHIVES Kerala Legislative Assembly

ഇ. ബി.ക്ക് കൊടുത്തത് 7.08 ഹെക്ടർ സ്ഥലവും എച്ച്. പി. സി. ക്ക് കൊടുത്തത് .75 ഹെക്ടർ സ്ഥലവും ഓയിൽ പാമിന് കൊടുത്തത് 466.30 ഹെക്ടർ സ്ഥലവും കെ. എസ്. ഐ ഡി. സി. ക്ക് കൊടുത്തത് 32 ഹെക്ടർ സ്ഥലവുമാണ്. അങ്ങനെ ആകെ 553 ഹെക്ടർ സ്ഥലമാണ് കൊടുത്തതെങ്കിൽ അതിനുമുമ്പുള്ള അഞ്ച് വർഷത്തിൽ 27,138 ഹെക്ടർ സ്ഥലം അകാരണമായി കൊടുത്ത് നഷ്ടപ്പെടുത്തിയ ആ ഗവൺമെൻറാണോ ഇപ്പോഴത്തെ ഗവൺമെൻറാണോ തെറ്റ് കാണിച്ചത് ? 1977 മുതൽ 1982 വരെ കേരള ഫോറസ്റ്റ് ഡെവലപ്പ്മെൻറ് കോർപ്പറേഷന് കൊടുത്തത് ഒമ്പതിനായിരം ഹെക്ടർ സ്ഥലമാണ്. അങ്ങനെയെങ്കിൽ ഈ ഗവൺമെൻറിൻെറ കാലത്ത് കൊടുത്തത് വെറും 352 ഹെക്ടർ സ്ഥലമാണ്. കൂടാതെ ഈ ഗവൺമെൻറിൻെറ കാലത്ത് വനം കയ്യേറ്റം നടന്നിട്ടുണ്ടോ ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഇപ്പോഴത്തെ കണക്ക് വച്ച് തട്ടിച്ചു നോക്കുമ്പോൾ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ കേരളാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴാണോ ലാഭം അതോ പഴയ ഗവൺമെൻറിൻെറ കാലത്താണോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ : ബഹുമാനപ്പെട്ട ടി. എസ്. ജോൺ ഇപ്പോൾ 1977 മുതൽ 1982 വരെയുള്ള കണക്കുകൾ വായിച്ചിട്ട് ആ കണക്കുകളിൽ മുപ്പതിനായിരം ഹെക്ടർ കൊടുത്തത് വനം വെട്ടി നശിപ്പിക്കാനല്ല ഫോറസ്റ്റ് ഡവലപ്പ്മെൻറ് കോർപ്പറേഷനാണ് എന്ന് പറഞ്ഞു. അതേ പോലെതന്നെ 1980-81-ലും 1981-82-ലും മൂവായിരവും രണ്ടായിരവും എന്ന് പറഞ്ഞാൽ കുറഞ്ഞുകുറഞ്ഞു വരികയായിരുന്നു ആ സാമ്പത്തിക വർഷത്തിൽ എന്ന വസ്തുത ടി. എസ്. ജോൺ ഈ കണക്കിലൂടെ അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. ടി. എസ്. ജോൺ : ഈ പറഞ്ഞത് ഞാൻ ഒടുവിൽ വായിച്ചതേയുള്ളൂ. ഫോറസ്റ്റ് ഡെവലപ്പ്മെൻറ് കോർപ്പറേഷനു കൊടുത്തതും മറ്റേത് ഓരോ വർഷവും കൊടുത്തത് നശിപ്പിച്ചതുമാണ് പറഞ്ഞത്. ഫോറസ്റ്റ് ഡെവലപ്പ്മെൻറ് കോർപ്പറേഷനേതര വേറെയാണ് കണക്ക് പറഞ്ഞത്. കൂടാതെ ഈ ഗവൺമെൻറിൻെറ കാലത്ത് വനം കൈയേറ്റം നടന്നിട്ടുണ്ടോ ? 1982-ന് മുൻപ് ഉണ്ടായിരുന്ന ഏത് ഗവൺമെൻറിൻെറ കാലത്താണ് കയ്യേറ്റങ്ങൾ നടക്കാതിരുന്നിട്ടുള്ളത് ? ..... (ബഹളം).... .....

ആ കയ്യേറ്റത്തിന് കൂട്ടു നിന്നവർ ആരാണ് ? ഈ രാജ്യത്തെ ഗവൺമെൻറു ദ്യോഗസ്ഥൻമാരും മുൻ ഗവൺമെൻറുകളും കൂട്ടു നിന്നതിൻെറ ഫലമായി പല കയ്യേറ്റങ്ങളും നടന്നു. പക്ഷേ ഈ ഗവൺമെൻറിൻെറ കാലത്ത് ഒരിഞ്ചു ഭൂമി പോലും കയ്യേറ്റം നടന്നിട്ടില്ലെന്നല്ലേ കണക്കുകൾ സംസൂചിപ്പിക്കുന്നത് ? 3500 ഹെക്ടർ സ്ഥലം 1977-ന് ശേഷം കയ്യേറിയത് ഒഴിപ്പിച്ച് ഗവൺമെൻറിൻെറ വനപ്രദേശമാക്കി മാറ്റാൻ ഈ ഗവൺമെൻറിൻെറ കാലത്ത് കഴിഞ്ഞുവെന്നുള്ളതാണ് മറ്റൊരു യാഥാർത്ഥ്യം.

സർ, വനസംരക്ഷണ പ്രവർത്തനങ്ങളിൽ മറ്റേതൊരു ഗവൺമെൻറിൻെറ കാലത്തെക്കാളും മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞില്ലേ ? അതുപോലെതന്നെ വനസംരക്ഷണത്തിൻെറ കാര്യത്തിൽ, 10,577 ഹെക്ടർ സ്ഥലത്ത് പശ്ചിമഘട്ടവികസന പദ്ധതിയുടെ സഹായത്തോടെ ജണ്ടയിടുകയുണ്ടായി. എഴുപത്തിയൊന്നരക്കോടി രൂപയാണ് അതിർത്തി പ്ലാൻേറഷനും മറ്റുമായി ഈ ഗവൺമെൻറ് ചെലവഴിച്ചത്. പുതിയതായി വനം വച്ചുപിടിപ്പിക്കുന്നതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ അക്കാര്യത്തിൽ ഈ ഗവൺമെൻറ് റിക്കാർഡ് തോൽപ്പിച്ചു. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ കേരള സംസ്ഥാനം മുൻപന്തിയിൽ നിൽക്കുന്നുവെന്ന് കണക്കുകൾകൊണ്ട് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ നാലു വർഷങ്ങൾക്കകം സാമൂഹ്യവനവൽക്കരണ പദ്ധതിയിൽപ്പെടുത്തി 11,660 ഹെക്ടർ തോട്ടങ്ങൾ ഗവൺമെന്റ് ഭൂമിയിൽ തന്നെ നിർമ്മിക്കുവാനും 745 ഹെക്ടർ സ്ഥലത്ത് വനം വച്ചുപിടിപ്പിക്കുവാനും സാധിച്ചു. കൂടാതെ 26 കോടി തൈകൾ കർഷകർക്ക് വിതരണം ചെയ്തു. കടൽത്തീരത്ത് കാറ്റാടി മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടി സ്വീകരിച്ചു. ഏഴായിരത്തോളം സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടിയാണ് ഈ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതെന്നുള്ളതാണ് പ്രത്യേകം എടുത്തു പറയേണ്ട കാര്യം. 10 കോടിയിൽപ്പരം തൈകൾ ഈ വർഷം തന്നെ ഏഴായിരത്തോളം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ, ബഹുജന സഹകരണത്തോടുകൂടി നാട്ടിൻപുറങ്ങളിലെല്ലാം വച്ചുപിടിപ്പിച്ച് വനവൽക്കരണം നടത്താൻ ആത്മാർത്ഥമായ ശ്രമം ഈ ഗവൺമെന്റ് ചെയ്യുന്നുണ്ടെന്ന് എനിക്ക് പറയാൻ കഴിയും. അതുപോലെ തന്നെ വന്യ ജീവികളുടെ സംരക്ഷണത്തിന്റെ കാര്യം. വന്യ ജീവികളുടെ സംരക്ഷണത്തിന്റെ കാര്യം നമുക്ക് എടുക്കാം. അതിനെക്കുറിച്ച് പറഞ്ഞാൽ 1982-ന് മുൻപ് കേരളത്തിൽ 6 വന്യജീവി സംരക്ഷണകേന്ദ്രങ്ങളായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ രണ്ടു വർഷംകൊണ്ട് ഇവിടെ 11 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുണ്ടാക്കി. അപ്പോൾ എത്ര ശതമാനമാണ് അതിന്റെ ഇംപ്രൂവുമെന്റ്? ഇവയുടെ മൊത്തം വിസ്തീർണ്ണം 1985-86 നേക്കാൾ കൂടുതലാണ്. വന്യ ജീവി സംരക്ഷണ കേന്ദ്രത്തിൽ സിംഹസഫാരി പാർക്ക് ആരംഭിച്ചത് എടുത്തു പറയേണ്ട കാര്യമാണ്. ഇൻഡ്യയിൽ ഉത്തരത്തിലുള്ള അഞ്ച് പാർക്കുകളിൽ ഒന്നാണിത്. അപ്പോൾ വനസംരക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല, വന്യജീവി സംരക്ഷണത്തിന്റെ രംഗമെടുത്താലും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ളതുപോലെ മറ്റൊരു ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിട്ടില്ലെന്ന് മനസ്സിലാക്കുവാൻ കഴിയും. അതുപോലെതന്നെ വനസംരക്ഷണത്തിന്റെ കാര്യത്തിൽ കേസ്സുകൾ എടുത്ത കാര്യം നോക്കാം. കേസ്സുകൾ എടുത്ത കാര്യത്തിലാണെങ്കിൽ ഏറ്റവും കൂടുതൽ കേസ്സുകൾ എടുത്തിട്ടുള്ള കാലഘട്ടം ഇതാണ്. അങ്ങനെ കാര്യക്ഷമമായ പ്രവർത്തനം നടത്തിയെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. വന്യജീവി സംരക്ഷണത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ പ്രവർത്തനം നടത്തിയിട്ടുള്ള ഒരു ഗവൺമെന്റാണിത്. കേസ്സുകളുടെ കാര്യമെടുക്കുകയാണെങ്കിൽ ഈ ഓർഡിനൻസിനുശേഷം ഇന്ന് ട്രൈബ്യൂണലുകളിൽ 319 കേസ്സുകളാണ് ഉള്ളത്. ഈ ഓർഡിനൻസ് പ്രഖ്യാപിച്ചതിനുശേഷം (1983-ലെ ഓർഡിനൻസിനുശേഷം) ട്രൈബ്യൂണലുകളിൽ 319-ഉം ഹൈക്കോടതിയിൽ 184-ഉം കേസ്സുകൾ കൊടുത്തു. അതിൽ 99 കേസ്സുകളിൽ വിധിയായി. എട്ട് കേസ്സുകളിലൊഴിച്ച് 91 കേസ്സുകളിലും ഗവൺമെന്റിനു അനുകൂലമായിട്ടാണ് വിധിച്ചിട്ടുള്ളത്, ഇതാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം. ഇതിന്റെ ഫലമായി 640 ഏക്കർ സ്ഥലം (വനം) സംരക്ഷിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിന് ഭംഗിയായി കേസ്സുകൾ നടത്തുന്നുവെന്നുള്ളതിനു ഇതിൽ കവിഞ്ഞ തെളിവ് എന്താണ്? അതായത് കൊടുത്ത 99 കേസ്സുകളിൽ, പെട്ടെന്ന് വിധിയുണ്ടാക്കുകയും വിധിയായതിൽ 91 എണ്ണം നമുക്ക് ഹൈക്കോടതിയിൽനിന്നും ട്രൈബ്യൂണലിൽ നിന്നും നേടിയെടുക്കാനും കഴിഞ്ഞു. ഇപ്പോൾ കോടതികളെക്കുറിച്ചെല്ലാം വിമർശനങ്ങൾ ഉണ്ടല്ലോ? അവരിൽനിന്നുപോലും 91 കേസ്സുകൾ വിജയിപ്പിച്ചെടുക്കാൻ യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കഴിഞ്ഞുവെന്നുള്ളതാണ് പ്രത്യേകം എടുത്തുപറയേണ്ടത്. ഈ മേഖലയിൽ ഈ മന്ത്രിയും ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറും കാണിക്കുന്ന ആത്മാർത്ഥത—ഇതിനെ ചോദ്യം ചെയ്യുന്നവരോട് എന്താണ് എനിക്ക് പറയുവാനുള്ളതെന്നാൽ വളരെ നിർഭാഗ്യകരം എന്നു മാത്രമേയുള്ളൂ. അങ്ങനെ ഈ രാജ്യത്തെ വനങ്ങളെ മുഴുവൻ സ്വന്തം കൺമണികളെപ്പോലെ സംരക്ഷിക്കാൻ തയ്യാറായി മുൻപോട്ട് വന്ന ഒരു മന്ത്രി ക്കെതിരെ ആരോപണമുന്നയിക്കുന്നത് തെറ്റാണെന്ന് മാത്രം മിതമായ ഭാഷയിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറിൻെറ കാലത്ത് വനം സംരക്ഷണത്തിൻെറ കാര്യത്തിൽ, വനം കൂടുതൽ വച്ചുപിടിപ്പിക്കുന്ന കാര്യത്തിൽ കൃഷിക്കാർക്ക് കൂടുതൽ വൃക്ഷത്തൈകളും വിതരണം ചെയ്യുന്ന കാര്യത്തിൽ, ബഹുജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് എല്ലാ പ്രദേശങ്ങളിലും മരം വച്ചുപിടിപ്പിക്കുന്ന കാര്യത്തിൽ എല്ലാംതന്നെ ചെയ്തിട്ടുള്ളതുപോലെ കാര്യക്ഷമത മറെറാരു ഗവൺമെൻറിൻെറ കാലഘട്ടത്തിലും മറെറാരു സംസ്ഥാനത്തിലും ഉണ്ടായിട്ടില്ലെന്ന് വളരെ സന്തോഷത്തോടും അഭിമാനത്തോടും പറയാൻ കഴിയും. അങ്ങനെയുള്ള ഒരു ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന ഈ നിയമം ഈ രാജ്യത്തെ 22,000-ത്തിൽപ്പരം ഏക്കർ വസ്തു, പ്രൈവറ്റ് ഭൂവുടമകൾക്ക് കെടുക്കണമെന്ന് വിധി പ്രഖ്യാപിച്ച ഭൂമി സംരക്ഷിക്കാൻ, അല്ലെങ്കിൽ ഗവൺമെൻറിൻെറ കൈവശം കൊണ്ടുവന്നിട്ടുള്ള ഭൂമി നിലനിർത്താനുള്ള നിയമം ഈ രാജ്യത്തിന് ആവശ്യമാണ്. ഈ രാജ്യത്തെ വനവൽക്കരണത്തിന് ആവശ്യമാണ്. ഈ രാജ്യത്തിൻെറ സമ്പത്ത് വർദ്ധിപ്പിക്കുവാൻ ആവശ്യമാണ്. മുൻ ഗവൺമെൻറുകൾ ചെയ്ത തെറ്റ് തിരുത്തിക്കൊണ്ട് ഈ ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള ഈ നിയമത്തെ ഞാൻ പ്രത്യേകമായി അനുകൂലിക്കുന്നു. ഈ ബിൽ മുന്നോട്ടുകൊണ്ടുവന്ന മന്ത്രിയെ പ്രത്യേകം പ്രശംസിച്ചുകൊണ്ട് ഞാൻ അമെൻറുമെൻറ് അവതരിപ്പിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഈ ബിൽ പൊതുജനാഭിപ്രായത്തിനയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇവിടെ എനിക്ക് മുൻപു പ്രസംഗിച്ച ശ്രീ. ടി. എസ്. ജോൺ വളരെ വിശദമായിത്തന്നെ ഇത്തരത്തിൽ ഒരു ബിൽ അവതരിപ്പിക്കുവാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു. ഇന്നലെ എൻെറ സുഹൃത്തുക്കളായ ശ്രീ. പത്മനാഭനും ശ്രീ. കോടിയേരിയും അതുപോലെ തന്നെ അപ്പുറത്തുനിന്ന് പ്രസംഗിച്ച എല്ലാ സുഹൃത്തുക്കളും വാസ്തവത്തിൽ വളരെ മംഗിയായ രീതിയിൽ ആണെങ്കിലും ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയായിരുന്നു തെറ്റായ പല വിവരങ്ങളും ചേർത്തുകൊണ്ട് ഇവിടെ പ്രസംഗിച്ചത്. ഈ ബില്ലിൻെറ മൂലനിയമം 1971-ാം ആണ്ടിലാണ് ഇവിടെ അവതരിപ്പിച്ചത്. 1971-ൽ ആ നിയമം അവതരിപ്പിക്കുമ്പോൾ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രി, സി. പി. ഐ.-ലെ ശ്രീ. പി. എസ്. ശ്രീനിവാസനായിരുന്നുവെന്നാണ് എൻെറ ഓർമ്മ. ആ കാതലായ നിയമത്തിൽ 8-ാം വകുപ്പിലെ ചില ഉപവകുപ്പുകൾ, ആ ഉപവകുപ്പുകളിൽ വന്നിട്ടുള്ള തെറ്റായ ചില വ്യാഖ്യാനങ്ങളും മറെറു ചില തകരാറുകളെയും തുടർന്നാണ് ഈ ബിൽ അവതരിപ്പിക്കാൻ അടിസ്ഥാനമാക്കിയിട്ടുള്ള കോടതി വിധികളും ട്രൈബ്യൂണൽ വിധികളും ഉണ്ടായിട്ടുള്ളതെന്നുള്ള വസ്തുത ഈയവസരത്തിൽ തുറന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

8-ാം വകുപ്പിലെ ചില ഉപവകുപ്പുകളിലാണ് കൈവശക്കാർക്കുള്ള ചില അവകാശങ്ങൾ പറഞ്ഞിട്ടുള്ളത്. ആ അവകാശം അനുസരിച്ചിട്ടാണ് പല ഉടമകളും ട്രൈബ്യൂണലുകളെയും കോടതികളെയും സമീപിക്കുന്നത്. എല്ലാവർക്കും ആറിയാവുന്നതാണ് ഉടമകൾ സന്തോഷത്തോടുകൂടി അവരുടെ കൈവശമുള്ള വസ്തുക്കളെ ഒരിക്കലും ഗവൺമെൻറിലേക്ക് കൊടുക്കാൻ സമ്മതിക്കാത്തവരാണ് എന്ന്. പല രീതിയിലും പല തെറ്റായ പ്രമാണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത് ഇല്ലാത്ത കൈവശം കോടതിയിൽ കാണിച്ച് അല്ലെങ്കിൽ ട്രൈബ്യൂണലുകളുടെ മുമ്പാകെ കാണിച്ച് ആ കൃത്രിമ രേഖകളുടെ അടിസ്ഥാനത്തിൽ പിടിച്ചുനിൽക്കാൻ പറ്റുമോ എന്ന് പരീക്ഷിച്ച പല ഉടമകൾക്കും നിർഭാഗ്യവശാൽ അവരുടെ ഉദ്ദേശം അന്ന് സാധിച്ചു. ആ ഉദ്ദേശം സാധിക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ചൊക്കെ ഈ ബില്ലിനോട് ബന്ധപ്പെടുത്തിക്കൊണ്ട് ഈ സഭയ്ക്ക് തന്നിട്ടുള്ള സ്റ്റേറ്റുമെന്റിൽ വളരെ വിശദമായി തന്നെ മന്ത്രി പറഞ്ഞിട്ടുണ്ട്. അതിൽ അപ്പീലുകൾ വാദിക്കാത്തതിനാൽ തള്ളിക്കളയപ്പെട്ട കാര്യങ്ങളും അതുപോലെതന്നെ പല കേസ്സുകളും വാദങ്ങൾ അംഗീകരിച്ചുകൊടുക്കാത്തതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് പകർപ്പുകൾ വാങ്ങുന്നതിൽ നടപടികൾ എടുക്കാത്തതിന്റെ ഫലമായി അപ്പീൽ ഫയൽ ചെയ്യുന്നതിന് കാലഹരണപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും, അതുപോലെ തന്നെ കൃത്യമായി കാര്യങ്ങൾ കോടതിയിൽ ഹാജരാക്കാൻ കഴിയാതെ വന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ ഇതിൽ പറഞ്ഞിട്ടുണ്ട്. ഒരു കാര്യത്തിൽ യോജിക്കാൻ ഞാൻ തയ്യാറാണ്. ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോൾ ശ്രീ. തങ്കപ്പൻ പറഞ്ഞു ഇത്തരം കാര്യങ്ങളിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നും വളരെയേറെ വീഴ്ച വന്നിട്ടുണ്ട് എന്ന്. അത് സമ്മതിക്കാതിരിക്കാൻ നിർവ്വാഹമില്ല. ശരിയായ വിവരങ്ങൾ കൃത്യമായി കോടതിയിൽ ഹാജരാക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ള അല്ലെങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ ശരിയായ വിവരങ്ങൾ, കോടതിയെ അറിയിക്കേണ്ടതാണ്. അത് നിറവേറ്റാൻ സാധിച്ചില്ലെങ്കിൽ ആ ഉദ്യോഗവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആ കാര്യത്തിൽ അനാസ്ഥ കാണിച്ചിട്ടുണ്ട്. അത് കുറ്റകരമായ അനാസ്ഥയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പക്ഷേ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ശ്രീ. ടി. എസ്. ജോൺ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ ഈ കോടതി വിധികളിലും ട്രൈബ്യൂണൽ വിധികളിലുമൊക്കെ ഭൂരിപക്ഷം വിധികളും ഉണ്ടായിട്ടുള്ള കാലഘട്ടം 1978-79, 1980-81 കാലഘട്ടങ്ങളാണ്. 1978 മുതൽ 1980 വരെയുള്ള കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള കുറ്റകരമായ അനാസ്ഥയ്ക്കും ഉദ്യോഗസ്ഥൻമാർ കാണിച്ചിട്ടുള്ള അനാസ്ഥയ്ക്കും കാലാകാലങ്ങളിൽ നടപടി എടുക്കാത്തതിനും 1982-ാമാണ്ടിൽ അധികാരം ഏറ്റ ഈ മന്ത്രിസഭയെയോ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ശ്രീ. കെ. പി. നൂറുദ്ദീനെയോ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അങ്ങനെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. 1978-79-ലും 1980-81-ലുമൊക്കെ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബന്ധപ്പെട്ട മന്ത്രിമാരും അല്ലെങ്കിൽ ആ കാലഘട്ടങ്ങളിൽ അതുമായി ആരൊക്കെ ബന്ധപ്പെട്ടിരുന്നോ അവരാണ് ഈ കാര്യത്തിൽ കുറ്റക്കാർ എന്നു പറയുന്ന കാര്യത്തിൽ ഞാൻ ഒരു മടിയും കാണിക്കുന്നില്ല. ശ്രീ. തങ്കപ്പൻ ഇന്നലെ വളരെ ക്രൂരമായ രീതിയിൽ തന്നെ ശ്രീ. കെ. പി. നൂറുദ്ദീനെക്കുറിച്ച് പറഞ്ഞു. അദ്ദേഹം ഈ നിയമത്തിന്റെ വരികൾക്കുള്ളിൽ നിന്നുകൊണ്ട് വ്യാഖ്യാനിച്ചു അദ്ദേഹം ചില നിഗമനങ്ങളിൽ എത്തിച്ചേർന്നു. അതുകൊണ്ട് ശ്രീ. കെ. പി. നൂറുദ്ദീനാണ് ഈ സംസ്ഥാനം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ അഴിമതിക്കാരനായ മന്ത്രി എന്ന് വളരെ ക്രൂരമായ നിലയിൽ അദ്ദേഹം ഇന്നലെ പറഞ്ഞു. അദ്ദേഹത്തിന് തന്നെ അറിയാം അദ്ദേഹം ആത്മാർത്ഥതയോടുകൂടി അല്ല പറഞ്ഞത് എന്ന്. ഇന്നത്തെ നിയമസഭാ നടപടികളിൽ ഉണ്ടായിട്ടുള്ളതുപോലെ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്നു എന്നുള്ളതുകൊണ്ട് അഴിമതി ആരോപണങ്ങളും അതുപോലെ ഇന്നുണ്ടായ കോലാഹലങ്ങളുമൊക്കെ ഉണ്ടാകും എന്നുള്ളത് സ്വാഭാവികം മാത്രമാണ്. പ്രതിപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഈ വരുന്ന തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയൊക്കെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഇതിന്റെ പേരിൽ ജനങ്ങളെ മുതലെടുക്കാൻ കിട്ടുന്ന അവസരങ്ങളും അവർ പാഴാക്കാറില്ല എന്നുള്ളതല്ലാതെ ഇതിലൊന്നും ആത്മാർത്ഥമായ സമീപനം ഈ കാര്യങ്ങളിൽ അവർക്കില്ലായെന്നുള്ളതാണ് ആർക്കാണ് അറിയാൻ പാടില്ലാത്തത്. ആ കൂട്ടത്തിൽ ശ്രീ. നൂറുദ്ദീനെക്കുറിച്ച് അങ്ങനെ പറഞ്ഞു എന്നുള്ളതല്ലാതെ ശ്രീ. നൂറുദ്ദീൻ അഴിമതിക്കാരനാണ് എന്ന് വ്യാഖ്യാനിച്ചതിൽ ആത്മാർത്ഥമായിട്ടുള്ള ഒരു വാദഗതിയായിരുന്നു ശ്രീ. തങ്കപ്പനേറത് എന്ന് എനിക്ക് തോന്നുന്നില്ല. എന്നു തന്നെയല്ല ശ്രീ. നൂറുദ്ദീനു ബന്ധമില്ലാത്ത, ശ്രീ. നൂറുദ്ദീൻ അധികാരം ഏറ്റെടുക്കുന്നതിനു വളരെ വർഷങ്ങൾക്ക് മുൻപുള്ള 1977, 1978, 1979, 1980 മുതലായ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള കാര്യങ്ങൾക്ക് പിന്നീട് വന്ന മന്ത്രി ശ്രീ. നൂറുദ്ദീനെ ബന്ധപ്പെടുത്തി പറഞ്ഞത് ശരിയല്ല എന്നുകൂടി ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പിന്നെ ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത്.....

ശ്രീ. കെ. ഇ. ഇസ്മയിൽ : കഴിഞ്ഞകാല ഗവൺമെന്റുകളുടെ കാലത്താണ് ഇതിലെ ഭൂരിഭാഗം കേസ്സുകളും തീരുമാനമായത് എന്നാണല്ലോ താങ്കൾ പറഞ്ഞത്.. അത്തരം സന്ദർഭത്തിൽ ഗവൺമെന്റിനുവേണ്ടി ന്യായമായ രീതിയിൽ തീരുമാനം എടുക്കുന്നതിൽ പല ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും വീഴ്ച വരുത്തിയതുകൊണ്ടാണ് ഗവൺമെന്റിന് അനുകൂലമല്ലാത്ത തീരുമാനം ഉണ്ടാക്കേണ്ടിവന്നത് എന്ന് താങ്കൾ പറഞ്ഞതിൽ ധ്വനിയുണ്ട്. അങ്ങനെ ആയിരുന്നുവെങ്കിൽ അതിനോട് ബന്ധപ്പെട്ട നിരവധി ഉദ്യോഗസ്ഥൻമാർ ഇപ്പോഴും സർവ്വീസിലുള്ള സാഹചര്യത്തിൽ എന്തുകൊണ്ടാണ് സർക്കാരിന് എതിരായി ഇത്തരം വീഴ്ച വരുത്തിയ പ്രവർത്തനങ്ങൾ നടത്തി എന്നുള്ളതിന്റെ പേരിൽ, ശ്രീ. നൂറുദ്ദീൻ എന്ന വനം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായ മന്ത്രിക്ക്, അതിന്റെ കാവൽ മാലാഖയായ് മന്ത്രിക്ക് ആവശ്യമായ നടപടികൾ എടുക്കാനോ ഇത്രപേരുടെ മേൽ നടപടി എടുത്തുവെന്ന് ഇവിടെ പറയാനോ കഴിയാതെ പോയത്. അത് പറയാൻ ആവശ്യമായ നടപടി എന്തെങ്കിലും എടുക്കുമോ ?

ശ്രീ. പി. പി. തങ്കച്ചൻ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അദ്ദേഹം പറയും. ഇതിൽ വളരെ പ്രസക്തമായിട്ടുള്ള ഒരു കാര്യമുണ്ട്. പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ച സുഹൃത്തുക്കളൊക്കെ ഈ ബില്ലിലെ കാര്യങ്ങളെക്കുറിച്ചുള്ള അപാകതകളൊക്കെ ചൂണ്ടിക്കാണിച്ചിട്ട് തള്ളിക്കളയണമെന്ന് പറഞ്ഞു. ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ തള്ളിക്കളഞ്ഞാൽ എന്താണ് സ്ഥിതി ? എങ്ങനെയാണ് പോരായ്മകൾ പരിഹരിച്ച് എങ്ങനെയാണ് ചെയ്യേണ്ടത് ഈ കാര്യത്തിൽ. 8000-ത്തിൽപ്പരം ഹെക്ടർ നഷ്ടപ്പെടുമായിരുന്നു ഈ ബില്ല് അവതരിപ്പിച്ചില്ലായിരുന്നുവെങ്കിൽ എന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ആ 8000-ൽപ്പരം ഹെക്ടർ സ്ഥലം സംരക്ഷിക്കാൻ എന്ത് ചെയ്യണമായിരുന്നു എന്നുള്ളതിനെ സംബന്ധിച്ചിട്ടുള്ള ക്രിയാത്മകമായ ഉപദേശങ്ങളോ അല്ലെങ്കിൽ പ്രൊപ്പോസൽസോ കൺസ്ട്രക്റ്റീവ് ആയിട്ടുള്ള സജ്ഷൻസോ ഈ ബില്ലിനെ ശക്തിയായി വിമർശിച്ച് സംസാരിച്ച എന്റെ സുഹൃത്തുക്കൾ ഒന്നുംതന്നെ പറഞ്ഞ് കേട്ടില്ല. അല്ലെങ്കിൽ അവർ പറയേണ്ടതായിരുന്നു ഇന്ന നിർദ്ദേശമുണ്ട് എന്ന്. ഈ 8000-ൽപ്പരം ഹെക്ടർ നഷ്ടപ്പെടണമായിരുന്നോ എന്ന് അവർക്ക് അഭിപ്രായമുണ്ടോ എന്ന് എനിക്കറിയില്ല. നഷ്ടപ്പെടണം എന്ന് അഭിപ്രായമുണ്ടെങ്കിൽ അവർക്കു വേറെ നിർദ്ദേശമൊന്നും പറയേണ്ട കാര്യവുമില്ല. നേരേ മറിച്ച് നഷ്ടപ്പെടണ്ട എന്നാണ് അഭിപ്രായമായിരുന്നെങ്കിൽ നഷ്ടപ്പെടാതിരിക്കാൻ ഈ ഗവൺമെന്റ് എന്ത് ചെയ്യണമായിരുന്നു; എന്താണ് പോംവഴി,

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിലെ വ്യവസ്ഥകളിൽ പോരായ്മകളുണ്ടെങ്കിൽ അവ ചൂണ്ടിക്കാണിച്ചുകൊണ്ട് പകരം എന്താണ് ചെയ്യേണ്ടത് എന്നുള്ളതിനെക്കുറിച്ചൊക്കെ ക്രിയാത്മകമായ നിർദ്ദേശങ്ങളും വയ്ക്കേണ്ടതായിരുന്നു. ആ വക കാര്യങ്ങളും ഒന്നും തന്നെ ചെയ്യാൻ എന്റെ സുഹൃത്തുക്കളും മുന്നോട്ട് വന്നില്ലായെന്നുള്ളത് ദുഃഖകരമായ ഒരു കാര്യമാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം 8000-തോളം ഹെക്ടർ നഷ്ടപ്പെടുമായിരുന്നത് രക്ഷപ്പെടുത്തിയത് ഈ ബില്ല് വന്നു എന്നതുകൊണ്ട് മാത്രമാണ്. അത് ഒരു വലിയ കാര്യമല്ലേ? ഈ ബില്ല് ഇല്ലായിരുന്നെങ്കിൽ, ഈ നിയമം ഇല്ലായിരുന്നെങ്കിൽ, അല്ലെങ്കിൽ ഇത് അവതരിപ്പിച്ചില്ലായിരുന്നെങ്കിൽ ഈ സർക്കാരിന് നഷ്ടപ്പെടുമായിരുന്ന 8000-ൽപരം ഹെക്ടറാണ് ഈ നിയമം അല്ലെങ്കിൽ ഈ ബില്ല് വന്നതുകൊണ്ട് നമുക്ക് നേടിയെടുക്കാൻ അല്ലെങ്കിൽ രക്ഷപ്പെടുത്താൻ സാധിച്ചത്. അത് വലിയൊരു കാര്യമല്ലേ? അതിന് മന്ത്രിയെ പ്രശംസിക്കേണ്ടതിനുപകരം വളരെ ക്രൂരമായി വിമർശിക്കുമ്പോഴും ഇതിന്റെയുള്ളിൽ ആ സ്ഥലം നഷ്ടപ്പെടണമായിരുന്നോ അല്ലെങ്കിൽ നഷ്ടപ്പെട്ടതിന്റെ പിന്നിൽ പ്രതിപക്ഷത്തുള്ള പലർക്കും പങ്കുണ്ട് എന്നുള്ള നിഗമനത്തിൽ നമ്മളും ഒരു പക്ഷേ എത്തിച്ചേരേണ്ടിവരും എന്ന് പറയുന്നതിൽ എനിക്ക് ഭംഗിയായ ഖേദമുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ശ്രീ. തങ്കച്ചൻ ഇവിടെ പ്രസംഗിക്കുന്നത് കേട്ടാൽ 8000-ൽ ചിലപ്പോൾ ഏക്കർ ഭൂമിയും ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയെന്നു തോന്നും. ഇത്രയും നേരം അതിൽ ഒരേക്കർപോലും ഗവൺമെന്റ് ഏറ്റെടുത്തിട്ടില്ലെന്ന് അറിയാമോ ?

ശ്രീ. പി. പി. തങ്കച്ചൻ : ഇവിടെ കേസുകളെക്കുറിച്ച് പറഞ്ഞു. റിവ്യൂ പെറ്റീഷൻസിനും മന്ത്രി മറുപടി പറയും. 500-ൽപരം റിവ്യൂ പെറ്റീഷൻസ്. ഇതിനകംതന്നെ ഗവൺമെന്റിൽനിന്നും കൊടുത്തിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഞാൻ മറ്റു കാര്യങ്ങളിലേക്ക് ദീർഘമായി കടക്കുന്നില്ല. കാരണം വളരെ വിശദമായി ഇക്കാര്യം ശ്രീ. ടി. എസ്. ജോണും ബില്ല് അവതരിപ്പിച്ചുകൊണ്ട് മന്ത്രിയും പറഞ്ഞു കഴിഞ്ഞു.

മറ്റൊരു കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുമ്പ് നമ്മുടെ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി അംഗങ്ങളെന്ന നിലയിൽ ഞങ്ങളുടെ കമ്മിറ്റി കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ഒരു സന്ദർശനം നടത്തി. അവിടെ ചെന്നപ്പോഴും ആര്യവൈദ്യശാലക്കാർ കുറെ പരാതികളും പറഞ്ഞു. അതു രേഖകളിലും പ്രതിപക്ഷത്തിലുമുള്ള അംഗങ്ങൾക്ക് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അതിനെത്തുടർന്ന് അക്കാര്യങ്ങളും മന്ത്രിയുടെ മുൻപാകെ സമർപ്പിക്കുകയാണ്. അവരുടെ ഏതാനും വസ്തുക്കളും പച്ചമരുന്നുവച്ച് പിടിപ്പിക്കുന്നതിനുവേണ്ടി ഇതിൽനിന്നും ഒഴിവാക്കിക്കൊണ്ട് ട്രെഡ്മില്ലിൽ നിന്നും വിധിയുണ്ടായി. ഗവൺമെന്റിൽ നിന്നും അതിനെതിരായി അപ്പീൽപോയിരിക്കുന്നുവെന്നാണ് അവരുടെ പരാതിയിൽനിന്നും മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. വാസ്തവത്തിൽ ആര്യവൈദ്യശാലയുടെ പ്രവർത്തനങ്ങളെക്കുറിച്ച് നേരിട്ട് മനസ്സിലാക്കാൻ സാധിച്ചപ്പോഴും അവരുടെ ആവശ്യം കുറച്ചൊക്കെ ശരിയാണെന്നും ഞങ്ങൾക്കും ബോദ്ധ്യപ്പെട്ട കാര്യമാണ്. അവർക്ക് മരുന്നു വച്ചു പിടിപ്പിക്കാനായിട്ട് കേരളത്തിൽ ഇതുപോലെ പറ്റിയ സ്ഥലം വേറെയില്ല. പിന്നെ സ്വന്തമായിട്ട് ഈ മരുന്നുകളുടെ ഉപയോഗം നേരിട്ട് നടത്തുന്ന വൈദ്യശാലകളും വളരെ വിരളമാണ്. അതുകൊണ്ട് അവർക്ക് അത്തരത്തിലുള്ള ഒരു സഹായം ചെയ്യുന്നതുകൊണ്ട് നിയമത്തിന്റെ മുൻപിൽ തെറ്റൊന്നുമില്ലെങ്കിൽ ഗവൺമെന്റ് അക്കാര്യത്തിൽ ദയവ് കാണിച്ച് സഹായിക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ കമ്മിറ്റിക്കാർക്ക് അവിടെവച്ച് തോന്നിയ കാര്യങ്ങളും ഈ അവസരത്തിൽ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : സർക്കാർ ഉടമയിൽ ഇത്തരം പച്ചമരുന്നുകൾ വച്ചു പിടിപ്പിക്കാനുള്ള നടപടി ആരംഭിച്ചുകൂടെ ?

ശ്രീ പി. പി. തങ്കച്ചൻ : അത് ആലോചിക്കാവുന്ന ഒരു കാര്യമാണ്. ഇന്ന് പച്ചമരുന്നുകൾ ആവശ്യത്തിന് ലഭ്യമല്ലെന്നുള്ളതുകൊണ്ട് പല മരുന്നുകളും ചേർത്തുകൊണ്ട് മരുന്നുണ്ടാക്കാൻ അവർക്ക് സാധിക്കുന്നില്ല. വളരെ ചുരുക്കം മരുന്നുകൾ മാത്രമേ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാകുന്നുള്ളു. മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും മരുന്നുകൊണ്ടു വരേണ്ട ബുദ്ധിമുട്ട് ഇന്ന് അനുഭവപ്പെടുന്നുണ്ട്.

ശ്രീ. ഇ. പത്മനാഭൻ : ഈ പറഞ്ഞ സ്ഥലം ആര്യവൈദ്യശാലക്കാരുടെ കൈവശമുള്ളതായിരുന്നു. അതു വനഭൂമിയാണെന്നു പറഞ്ഞ് ഫോറസ്റ്റുകാർ ഒഴിപ്പിക്കാൻ ശ്രമിച്ചു. അവർ ഫോറസ്റ്റ് വകുപ്പിന്റെ മേൽ കേസ് കൊടുത്തു. അവർക്കനുകൂലമായി വിധി വന്നു. ആ വിധിക്കെതിരായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കേസ് കൊടുത്തിരിക്കുകയാണെന്ന് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇത് സംബന്ധിച്ച് ഇത്തരം കാര്യങ്ങളിൽ വളരെ ഉത്തമ വിശ്വാസമുള്ള ബോണഫൈഡായിട്ടുള്ള കേസുകളിൽ ഗവൺമെന്റ്. വേണ്ട പരിശോധന നടത്തി അവരെ സഹായിക്കാൻ വേണ്ടി അക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്ന്. മറ്റു കാര്യങ്ങളിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. തെരഞ്ഞെടുപ്പു അടുത്തിരിക്കുകയാണെങ്കിൽപോലും ഒരു കാര്യം പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷങ്ങൾ വിമർശിക്കുമ്പോൾ വളരെ ക്രൂരമായ രീതിയിൽ, സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളെപ്പറ്റിയുള്ള വിമർശനങ്ങൾ ഉപേക്ഷിക്കണമെന്ന് ശ്രീ. പത്മനാഭനോടും, ശ്രീ. തങ്കപ്പനോടും അഭ്യർത്ഥിക്കുകയാണ്. ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് ഇന്നലെ ശ്രീ. നൂറുദ്ദീനെക്കുറിച്ച് വളരെ മോശമായി, ക്രൂരമായി ഇതൊക്കെ പറഞ്ഞത്. നിങ്ങളുടെ കാലഘട്ടങ്ങളിൽ ശ്രീ. കാന്തലോട്ട് കുഞ്ഞാമ്പു, ശ്രീ. പി. എസ്. ശ്രീനിവാസൻ ഇവരുടെ കാലഘട്ടങ്ങളിലെ കേസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ശ്രീ. നൂറുദ്ദീൻ കുറ്റം ഏൽക്കണമെന്നു പറഞ്ഞാൽ ഒരിക്കലും ന്യായീകരിക്കാൻ സാധിക്കാത്ത കാര്യങ്ങളാണ്.

ശ്രീ. പി. ജെ. തങ്കപ്പൻ : 1981 ഒക്ടോബർ മുതൽ ഈ ഓർഡിനൻസ് വരുന്നതുവരെ, 1983 നവമ്പർ വരെ ഈ സംസ്ഥാനം ഭരിച്ചിരുന്നത് ശ്രീ. തങ്കച്ചന്റെ പാർട്ടിയായിരുന്നുവെന്നുള്ള കാര്യം മറക്കരുതെന്ന് പറയുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സമയമായി എന്നുള്ളതുകൊണ്ട് എന്റെ ഭേദഗതി ഒന്നുകൂടി അവതരിപ്പിച്ചുകൊണ്ട് നിറുത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എം. വി. മാണി : സർ, സ്വകാര്യ വനങ്ങൾ നിക്ഷിപ്തമാക്കൽ സംബന്ധിച്ചുള്ള ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച സമ്പത്തായിരുന്നു വനം. ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും ഇല്ലാത്ത വന സമ്പത്ത് നമ്മുടെ രാജ്യത്തുണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ വനത്തെ സംബന്ധിച്ചിടത്തോളം അന്നുണ്ടായിരുന്ന ഗവൺമെന്റുകൾക്ക് വനം സംരക്ഷിക്കേണ്ട ആവശ്യകതയും നമ്മുടെ രാജ്യത്ത് സാമ്പത്തിക മേഖലയിൽ അതിനുള്ള സ്വാധീനത്തെയും കാര്യമായി കണക്കാക്കിയില്ല, എത്രമാത്രം നശിപ്പിച്ചാലും അത് കാര്യമായി കണക്കാക്കിയില്ല,

LIBRARY ARCHIVES Kerala Legislative Assembly

തീരുകയില്ലെന്നുള്ള ഒരു തോന്നൽ ആ കാലത്തുണ്ടായിരുന്നു. അതിന്റെ ഫലമാണ് നമ്മുടെ വനസമ്പത്ത് ഇന്ന് വളരെയധികം നശിച്ചിരിക്കുന്നത്. 20 ശതമാനം സർക്കാർ വനം ഉണ്ടെന്നു പറയുകയാണെങ്കിൽ തന്നെയും യഥാർത്ഥത്തിൽ അത്രയും ഉണ്ടാകുമോയെന്നുള്ള കാര്യം സംശയമാണ്. നമ്മുടെ വനസമ്പത്ത് ഇനി കാര്യമായ രീതിയിൽ സംരക്ഷിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ ഏറ്റവും വലിയ ആവശ്യമാണ്. മലബാർ പ്രദേശത്ത് സ്വകാര്യവനങ്ങളും മറ്റ് സ്ഥലങ്ങളിലൊക്കെ നമ്മുടെ റിസർവ് ഫോറസ്റ്റ് വനങ്ങളുമാണുള്ളത്. നമ്മൾ സ്വകാര്യവനങ്ങളെ ദേശവൽക്കരിച്ചശേഷം കുറെയൊക്കെ മരം വെട്ടാൻ വേണ്ടി പോയിട്ടുണ്ട്. ഈ കാര്യം ഇതിനു മുൻപും ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഏതായാലും അത് തടയുന്നതിനുവേണ്ടിയാണ് പുതിയ നിയമം കൊണ്ടുവരുന്നത് എന്നുള്ള കാര്യം അങ്ങേയറ്റം സന്തോഷമുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. സ്വകാര്യവനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ കുറെയൊക്കെ നഷ്ടപ്പെട്ടു പോയി എന്നുള്ള കാര്യം ഈ സഭയിലുള്ള എല്ലാവർക്കുമറിയാം. ന്യായമായി കൊടുക്കേണ്ടത് കൊടുക്കണം. പക്ഷെ പല കേസുകളെ സംബന്ധിച്ചിടത്തോളവും ഗവൺമെന്റ് ഉത്തരവാദപ്പെടുത്തിയിട്ടുള്ള വക്കീലൻമാർ ഗവൺമെന്റിനുവേണ്ടി സമയാസമയങ്ങളിൽ ട്രൈബ്യൂണലുകളിലായാലും ഹൈക്കോടതിയിലായാലും വാദിക്കാത്തതുകൊണ്ടും മറ്റുമാണ് ഈ രീതിയിലുള്ള എക്സ്-പാർട്ടി വിധികൾ വരുന്നതും വനങ്ങൾ കൈമാറി പോകുകയും അങ്ങനെ നശിപ്പിക്കപ്പെടുകയും ചെയ്യുന്നത് എന്ന കാര്യം ഒരു യാഥാർത്ഥ്യമാണ്. ഇക്കാര്യത്തിലാണ് ഗവൺമെന്റ് ഇനി ജാഗ്രത പുലർത്തേണ്ടത്. സ്വകാര്യവനങ്ങൾ ഇന്നുള്ളത് നമ്മൾ സംരക്ഷിക്കണം. റിസർവ് ഫോറസ്റ്റിനെയും സംരക്ഷിക്കണം. കൂടുതൽ വനങ്ങൾ വച്ചുപിടിപ്പിക്കാനുള്ള നടപടികൾ ആരംഭിക്കണം. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. നമ്മുടെ രാജ്യത്തെ സംബന്ധിച്ച് ഇന്ന് അത് ഏറ്റവും വലിയൊരു ആവശ്യമായി വന്നിരിക്കുകയാണ്. ഒരു കാലത്ത് ഗൾഫ് രാജ്യങ്ങളിലേക്ക് മരങ്ങൾ കയറ്റി അയച്ചുകൊണ്ടിരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇന്ന് മലേഷ്യയിൽ നിന്നും മരങ്ങൾ ഇറക്കുമതി ചെയ്യത്തക്ക രീതിയിൽ കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ കല്ലായി ഒരു കാലത്ത് ലോകത്തിലെ ഏറ്റവും വലിയ തടി വ്യവസായ കേന്ദ്രമായിരുന്നു. അത് ഇന്ന് ഏതാണ്ട് നശിച്ചിരിക്കുകയാണ്. അതിനാൽ ഇന്നത്തെ ഈ ദേഗതികൊണ്ട് നമ്മുടെ സ്വകാര്യ വനങ്ങൾ ഇനിയും നഷ്ടപ്പെടുത്താതിരിക്കുവാൻ സാധിക്കും. അതോടൊപ്പം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്, ഗവൺമെന്റിനുവേണ്ടി വാദിക്കാൻ നിയോഗിച്ചിട്ടുള്ള വക്കീലൻമാർ ട്രൈബ്യൂണലുകളിലായാലും ഹൈക്കോടതിയിലായാലും ഗവൺമെന്റിനുവേണ്ടി വാദിക്കുന്നവരായിരിക്കണം, കഴിഞ്ഞ കാലങ്ങളിൽ അവർ ഗവൺമെന്റിനുവേണ്ടിയല്ല വാദിച്ചത്. അതുകൊണ്ടാണ് വനം നഷ്ടപ്പെട്ടുപോയിട്ടുള്ളതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. ഇതു സംബന്ധിച്ച് ജാഗ്രത പുലർത്തിയില്ലെങ്കിൽ ഇനിയും ഇത് നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): ഈ നിയമം എത്രയും വേഗം പാസ്സാക്കിയെടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാരിൽ ചിലരെല്ലാം ചൂണ്ടിക്കാണിച്ചതുപോലെ ഹൈക്കോടതിയിൽ ഏതാണ്ട് 160 റവ്യൂ പെറ്റീഷനുകളും, ട്രൈബ്യൂണലുകളുടെ മുൻപാകെ ഏതാണ്ട് 318 റവ്യൂ പെറ്റീഷനുകളും ഫയൽ ചെയ്തിട്ടുള്ളതായി കാണാം. ഇത് എനിക്ക് ഏതാണ്ട് ആറുമാസം മുൻപു കിട്ടിയ റിപ്പോർട്ടാണ്. ഈ റവ്യൂ

LIBRARY ARCHIVES Kerala Legislative Assembly

പെറ്റിഷനുകളുടെ ഫലമായി പഴയ കാലത്ത് ട്രൈബ്യൂണലുകളും, ഹൈക്കോടതിയും തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ടി വരുമായിരുന്ന എത്രയാണ് എണ്ണായിരത്തിൽപ്പരം ഹെക്ടർ ഭൂമി വിട്ടു കൊടുക്കുന്നതിൽ നിന്ന്, ഈ റിവ്യൂ പെറ്റിഷനുകൾ ഫയൽ ചെയ്യുക വഴി താൽക്കാലികമായി തടഞ്ഞു നിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ഇതിനകം എത്രയാണ് 99 റിവ്യൂ പെറ്റിഷനുകൾക്കാണ് തീർപ്പു കൽപ്പിച്ചത്. അതിൽ 91 എണ്ണവും ഗവൺമെന്റിന് അനുകൂലമായിട്ടാണ് തീരുമാനമുണ്ടായിട്ടുള്ളത്. അതിൽ 8 കേസുകളിൽ മാത്രമാണ് പഴയ തീരുമാനം ശരിവച്ചുകൊണ്ട് ഇപ്പോൾ ജഡ്ജുമെന്റുണ്ടായിട്ടുള്ളത്. അതിൽ തന്നെ അഭിമാനകരമായ, സന്തോഷകരമായ ഒരു കാര്യം ഈ 91 കേസുകളിൽ തീരുമാനം ആയതിൽ എത്രയാണ് 640 ഹെക്ടർ ഭൂമി ഗവൺമെന്റിന് വീണ്ടുകിട്ടിയിരിക്കുന്നുവെന്നുള്ളതാണ്. നേരത്തെ ഇവിടെ ആരോ പറഞ്ഞു അതൊന്നും തിരിച്ച് എറെടുത്തിട്ടില്ലെന്ന്. അതൊന്നും എൽപ്പിച്ചു കൊടുത്തതല്ല. നിക്ഷിപ്ത വനം എറെടുത്ത അവസരത്തിൽ തന്നെ ഗവൺമെന്റിന്റെ കൈയിലിരിക്കുന്ന കേസുകൾ വഴി മാത്രമേ തീരുമാനം എടുക്കാൻ സാധിച്ചിട്ടുള്ളു. അത് തിരിച്ച് മറവരുടെ കൈയിൽ കൊടുത്തതല്ല, ഗവൺമെന്റിന്റെ കൈയിൽ തന്നെ ഉണ്ടായതാണ് അത്. കാരണം, അത് തിരിച്ച് എടുക്കേണ്ട പ്രശ്നമില്ല. കോടതിയുടെ തീരുമാനത്തോടുകൂടി നമ്മുടെ കൈയിൽ നിക്ഷിപ്തമായി—ഭദ്രമായി എന്നർത്ഥം. അതേ അവസരത്തിൽ ഞാൻ പറഞ്ഞു 8 കേസുകളാണ് റിവ്യൂ പെറ്റിഷനുകളിൽ ഗവൺമെന്റിനെതിരായി വന്നിട്ടുള്ളതെന്ന്. ആ 8 കേസുകളിൽകൂടി ആകെ കേവലം 60 ഏക്കർ ഭൂമി മാത്രമാണ് ഉണ്ടായിരുന്നത്. അത്രമാത്രം വനം സംരക്ഷിക്കണമെന്ന് ആഗ്രഹമുള്ളവർക്ക് സന്തോഷം കൂട്ടുന്ന കാര്യമാണ് ഇതെന്ന് ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. വി. പത്മരാജൻ ചില ചോദ്യങ്ങൾ ഇവിടെ ഉന്നയിച്ചു. ഈ ഓർഡിനൻസ് പാസായതിനുശേഷം ഇതിന്റെ ആനുകൂല്യം മാർത്ഥത തെളിയിക്കാൻ കഴിയണമെങ്കിൽ ഇതിൽ എത്ര കേസുകളിൽ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഏതിനെല്ലാം നടപടിയെടുത്തിട്ടുണ്ട് എന്നുള്ള ചോദ്യം വളരെ പ്രസക്തമായ ഒന്നാണ്. അതിനാണ് ഞാൻ മറുപടി പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 318 കേസുകൾ ട്രൈബ്യൂണലുകളിലും, 160 കേസുകൾ ഹൈക്കോർട്ടിലും റിവ്യൂ പെറ്റിഷൻ ആയി ഫയൽ ചെയ്തിട്ടുണ്ടെന്നേ. ഇത് 6 മാസത്തിനു മുൻപുള്ള കണക്കാണ്. അതുപോലെ തന്നെ ഈ കേസുകൾ പഴയതാണെന്ന് ശ്രീ. തങ്കപ്പനെ ഓർമ്മിപ്പിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം കൂടുതൽ ആവേശത്തോടും, വാശിയോടും കൂടി അത് ശ്രദ്ധിക്കാതെ മുന്നോട്ടുപോയി. ഇന്നും അദ്ദേഹം ഒരു ചോദ്യോത്തര രൂപത്തിൽ ചില കാര്യങ്ങൾ ഇവിടെ ഉന്നയിച്ചു. 1980-81 എന്നൊക്കെയുള്ളതായിരുന്നു. 1980-81 മാത്രമല്ല, അതും വലിയ ഒരു തെറ്റിദ്ധാരണയാണ്. ഞാൻ ഇന്നലെ ഏതാണ്ട് 10 ഹെക്ടറിൽ കൂടുതലുള്ള 10-40 കേസുകൾ പരിശോധനക്കായി എടുത്തു. അവ താഴെ പറയുന്നവയാണ്. 1977, 1979, 1977, 1977, 1979, 1980, 1971, 1981, 1977, 1980, 1978, 1981, 1977, 1978 ഇങ്ങനെയാണ് ആ കേസുകളുടെ കാലം. അതുകൊണ്ട് ഞാൻ അപ്പുറത്തേക്കൊന്നും കടക്കുന്നില്ല. ഇതിന്റെ അങ്ങേയറ്റത്തോളം കടന്ന് ചെന്ന് ഇതിൽ എന്ത് ചെയ്യണമായിരുന്നു എന്നുള്ളതിനെപ്പറ്റി മുകളിൽ പ്രസ്താവിച്ചതിൽ നിന്ന് മനസിലാക്കാം. ഇത് വായിച്ച് അതിൽ നിന്ന് എല്ലാവരും മനസ്സിലാക്കിയിരിക്കുമെന്ന് എനിക്ക് തോന്നുന്നു. എന്നാൽ 1977 മുതൽ ആണ്. ഞാൻ അത് തിരുത്താൻ ശ്രമിച്ചു ബെങ്കിലും. ഞാൻ ഇതിനു മുൻപുള്ള ആരെയും കുറ്റപ്പെടുത്താൻ പറയുകയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിന് പല സാഹചര്യങ്ങളും ഉണ്ടായേക്കാം. എന്താണ് സാഹചര്യമെന്ന് നമുക്കറിയില്ല. അങ്ങനെയാണെങ്കിൽ ഈ ഡിപ്പാർട്ടുമെന്റ് കേസ് നടത്തിയ അവസരത്തിൽ അതിലെ ഉദ്യോഗസ്ഥൻമാരിൽ ആരെല്ലാമാണ് അനാസ്ഥ കാണിച്ചതെന്ന് കണ്ടുപിടിച്ച് അവർക്കെതിരായിട്ട് നടപടി സ്വീകരിച്ചു കൂടേ എന്നായിരിക്കും ഒരു ചോദ്യം. ഞാൻ ഇവിടെ പറഞ്ഞു 1977 മുതലുള്ള ഓരോ കേസ്സിന്റെയും ഓരോ ഘട്ടത്തിൽ ഓരോ ജഡ്ജിക്കു മുമ്പാകെ വരുമ്പോഴും ഏതെല്ലാം ഉദ്യോഗസ്ഥൻമാർ - എങ്ങനെയെല്ലാം വാദിച്ചു, അവർ പറഞ്ഞ പോയിന്റ് എന്താണ് ; കടലാസ് എന്താണ് എന്നതിനെക്കുറിച്ചെല്ലാം ഉള്ള ഗവേഷണങ്ങളും അന്വേഷണങ്ങളും നടത്തി കണ്ടുപിടിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. അത് മാത്രവുമല്ല, അന്ന് ആ കേസുകൾ കൈകാര്യം ചെയ്തവരിൽ പലരും ഇപ്പോൾ ഉദ്യോഗസ്ഥൻമാരല്ല, അതിൽ പല ആൾക്കാരും പിരിഞ്ഞു പോകുകയും ചെയ്തിരിക്കുന്നു. ചില ആൾക്കാർ നമ്മോടും ലോകത്തോടും വിട പറഞ്ഞിരിക്കുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ ഉദ്യോഗസ്ഥൻമാർ മാത്രമല്ല, ഓരോ കാലഘട്ടത്തിലും അതിന് നേതൃത്വം നൽകിയ പല ആൾക്കാരുമുണ്ടാകും. ഇതെല്ലാം കണ്ടുപിടിക്കുക എന്നതിനേക്കാളുപരി ആ നടന്നിട്ടുള്ള അപാകതകൾ തിരുത്താൻ, ഗവൺമെന്റിന്റെ ഭൂമി സംരക്ഷിക്കാൻ ഇത്രമാത്രം ഫലപ്രദമായ മറ്റൊരു നടപടിയുണ്ടോ ? ഈ നടപടിയെയും ചോദ്യം ചെയ്യുകയെന്നു പറയുന്നത് അങ്ങേയറ്റം കഷ്ടമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു. സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേസ് കൈകാര്യം ചെയ്യുന്നതിൽ എത്രമാത്രം ശ്രദ്ധിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വേറൊരു തെളിവാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ട്രൈബ്യൂണലുകളുടെ മുൻപാകെ 415 കേസുകൾ വന്നു. ആ 415 കേസുകളിൽ 211 എണ്ണത്തിന്റെ തീരുമാനമുണ്ടായി. ആ 211 കേസുകളിൽ 202 കേസുകളും ഗവൺമെന്റിന് അനുകൂലമായിട്ടാണ് വിധിയുണ്ടായത്. അവശേഷിക്കുന്ന 9 കേസുകൾ മാത്രമാണ് കക്ഷികൾക്ക് അനുകൂലമായിട്ടുള്ളത്. ഞാൻ ഈ പറഞ്ഞതിന്റെ അർത്ഥം ഈ കാര്യത്തിൽ ഗവൺമെന്റ് എത്രമാത്രം ആത്മാർത്ഥത കാണിച്ചു എന്നതിന്റെ തെളിവാണ്. അതുപോലെ ഈ സഭയിൽ പലപ്പോഴും ചർച്ച ചെയ്യപ്പെട്ടതാണ് 1600 ഹെക്ടറിലെ നിലമ്പൂർ കോവിലകം കേസ്, 1200 ഹെക്ടറാണ് വടകരയിലെ മമ്മുഹാജിയുടെ കേസ്, 2000-ൽപ്പരം ഹെക്ടറാണ് ബിർളയുടെ കേസ്. അതുപോലെ എൻ. എസ്. എസിന്റെ കേസ് 600-ൽപ്പരം ഹെക്ടറാണ്. ഇപ്രകാരം ഉള്ള വൻകിട കേസുകളെല്ലാം ഈ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തതിനെതുടർന്ന് ഇന്ന് നടന്നുകൊണ്ടിരിക്കുന്നു. ഇനി കോടതിയാണ് അതിന്റെ ന്യായാന്യായങ്ങൾ നടത്തേണ്ടത് എന്നാണ് ഞാൻ പറഞ്ഞു വന്നതിന്റെ ചുരുക്കം. കൂടാതെ എണ്ണായിരത്തിൽപ്പരം ഹെക്ടർ ഭൂമിയിൽ ഉള്ള കേസുകളെ സംബന്ധിച്ചും ഈ സഭയിൽ പലവട്ടം ചർച്ച ചെയ്ത കേസുകളുണ്ടെന്നോ തെളിയിക്കാൻ വേണ്ടി മാത്രമാണ്. അതുപോലെ തന്നെ കൊല്ലത്തെ 40 കേസുകളുടെ കൃത്യമായ കണക്ക് എന്റെ കൈയിലുണ്ട്. ഞാൻ അതൊന്നും വായിക്കുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. തങ്കപ്പൻ, അങ്ങേയ്ക്ക് തെറ്റുപറ്റിയിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചതുപോലെ വനസംരക്ഷണത്തിനു വേണ്ടിയുള്ള ഇത്രയും ഫലപ്രദവും കർശനവുമായ നടപടി സ്വീകരിക്കാൻ കാരണമുണ്ട്. അത് ഞങ്ങളുടെ മാത്രം കാര്യമായി പറയുകയല്ല. രാജ്യത്തിന്റെ നിലനിൽപ്പിനും ജനങ്ങളുടെ നിലനിൽപ്പിനുംവേണ്ടി വനം സംരക്ഷിക്കേണ്ടത് വളരെയേറെ അത്യാവശ്യമാണ് എന്ന അഭ്യൂഹം ജനങ്ങളിലുണ്ടായിട്ടുണ്ടെന്നുള്ളതുകൊണ്ടാണ്. കൂടാതെ അതിനനു

LIBRARY ARCHIVES Kerala Legislative Assembly

സ്തുതമായ ഒരു സാഹചര്യവും നമ്മുടെ നാട്ടിൽ വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെകൂടി ഫലമായിട്ടാണ് നമുക്ക് വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ നിയമം ഇനിയും കുറച്ചുകൂടി കാര്യമായി നമുക്ക് നോക്കേണ്ടതായിട്ടുണ്ട്. നമുക്ക് ഈ നിയമം എത്രയുംവേഗം പാസാക്കിയെടുക്കാൻ കഴിയണം. വാസ്തവത്തിൽ ഇത്രയും വലിയ ഒരു ബഹളം ഇതിനെ തുടർന്ന് നടക്കുമെന്ന് ഞാൻ വിചാരിച്ചതല്ല. ഒരു പക്ഷേ പലതും ആളുകൾക്ക് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണെന്ന് ഞാൻ കരുതുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ അന്നത്തെ ഉദ്യോഗസ്ഥൻ, അന്നത്തെ മേലുദ്യോഗസ്ഥൻ, അന്നത്തെ വക്കീൽ, അന്നത്തെ ഗവൺമെന്റ്, അതിലെ മന്ത്രിമാർ, അതിലെ മുഖ്യമന്ത്രി, അതിലെ രാഷ്ട്രീയ സംവിധാനം ഇവയിലേക്കെല്ലാം കടന്ന് ചെന്ന് വിശദമായ പരിശോധനകൾ നടത്തി സമയം കളയുകയല്ല ഈ ഗവൺമെന്റ് ചെയ്തത്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ നമുക്ക് നഷ്ടപ്പെട്ടുപോയ ഭൂമി ഏതെല്ലാമാണെന്ന് കണ്ടുപിടിച്ച് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്ത് സുപ്രീം കോടതിവരെ പോയ കേസുകളുണ്ട്. അതിലാണ് നിങ്ങൾ ഈ ഗവൺമെന്റിന്റെ ആത്മാർത്ഥത കാണേണ്ടത്. ഒരു കാര്യം കൂടി ഞാൻ ഇവിടെ വ്യക്തമാക്കാൻ ശ്രമിക്കുന്നു. സാധാരണഗതിയിൽ കീഴ്കോടതിയിൽ വിസ്തരിക്കപ്പെടുന്ന തെളിവുകളും ഹാജരാക്കപ്പെടുന്ന രേഖകളും അതിനെ തുടർന്നുള്ള കാര്യങ്ങളും വച്ചാണല്ലോ മേൽകോടതികളിൽ വാദം നടക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണല്ലോ അവിടെ തീരുമാനമുണ്ടാക്കുന്നത്. ആ കേസുകളെല്ലാം സുപ്രീം കോടതിയിൽ പോയി. മന്ത്രിയെന്നുള്ള നിലയിൽ എന്റെ പേരിൽപോലും കോർട്ടലക്ഷ്യ കേസ് കൊടുത്തിട്ടുള്ള ചില കേസുകളുമുണ്ടായിട്ടുണ്ട്. അത്രയും കർശനമായ ഒരു നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതേ തുടർന്ന് ഈ സംസ്ഥാനത്തിന് വലിയ നേട്ടമുണ്ടാക്കാൻ ഈ റിവ്യൂ പെറ്റീഷനുകളിൽ തീരുമാനമാകുമ്പോൾ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് എത്രയുംവേഗം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന നേടി ഈ ബില്ല് നിയമമാക്കുന്നതിന് ഈ സഭയിലെ എല്ലാവരും സഹകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ഭേദഗതി ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച 2-ാം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(2) 1986-ലെ കേരള വനം (ഭേദഗതി) ബിൽ

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, 1986-ലെ കേരള വനം (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഈ ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ, വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly